മലയാള മനോരമ 21/02/2022



എടത്തല അൽഅമീൻ കോളജ് വിദ്യാർഥിനികളും അധ്യാപികമാരും മുടി ദാനം ചെയ്തപ്പോൾ.

# കാൻസർ രോഗികൾക്കുള്ള വിഗ്: മുടി മുറിച്ചു നൽകി വിദ്യാർഥിനികൾ

ആലുവ● കാൻസർ രോഗികൾക്കു വിഗ് ഉണ്ടാക്കാൻ എടത്തല അൽഅമീൻ കോളജ് വിദ്യാർഥിനികളും അധ്യാപികമാരും മുടി ദാനം ചെയ്തു. 12 ഇഞ്ച് നീളത്തിലാണു മുടി മുറിച്ചു നൽകിയത്. കോളജിലെ ബയോടെക്നോളജി വിഭാഗവും ഹെയർ ഫോർ ഹോപ് ഇന്ത്യ സംഘടനയും ചേർന്നാണു പരിപാടി സംഘടിപ്പിച്ചത്.

ഡോ. വി.പി. ഗംഗാധരൻ ഉദ്ഘാടനം ചെയ്തു. മാനേജർ ഡോ. ജുനൈദ് റഹ്മാൻ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ സിനി കുര്യൻ, റിതിൽ ഹാരിസ്, ഡോ. ലീന വർഗീസ്, രാഖിമോൾ രമേശ്, ആൽഫി നിസ സ്റ്റീഫൻ, എം.എസ്. സനൂജ, പി.എസ്. ചിന്നു, റെമീഷ രമേഷ്, കെ.എ. നെസ്‌ല എന്നിവർ പ്രസംഗിച്ചു. സ്തനാർബുദം തുടക്കത്തിലേ തിരിച്ചറിയാനുള്ള സ്വയം പരിശോധനാ പരിശീലനം, ഫ്ലാഷ് മോബ് എന്നിവയും നടത്തി.